പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 76

26.09.2011 ൽ മറുപടിയ്ക്ക്

## കോവളം ബീച്ചിലെ കൃത്രിമ പാര് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ചാണ്ടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ | ശ്രീ.ഉമ്മൻ ചാണ്ടി<br>ബഹു: കേരള മുഖ്യമന്ത്രി) |
| (എ) കേരളത്തിലെ സുപ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കോവളം ബീച്ചിൽ ഇന്ത്യയിലെ ആദ്യ സംരംഭമായ കൃത്രിമ പാര് നിർമ്മാണത്തിനായി എത്ര രൂപ ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ ; | (എ) 6,70,40,469/ രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) കൃത്രിമ പാര് നിർമ്മാണത്തിലൂടെ എന്തൊക്കെ നേട്ടങ്ങൾ ഉണ്ടാകുമെന്നാണ് ന്യൂസിലാന്റ് ആസ്ഥാനമായുള്ള വിദേശ കമ്പനി വാഗ്ദാനം ചെയ്തിരുന്നതെന്ന് വെളിപ്പെടുത്താമോ ; | (ബി) കൃത്രിമ പാര് നിർമ്മാണത്തിലൂടെ താഴെപ്പറയുന്ന നേട്ടങ്ങളാണ് വാഗ്ദാനം ചെയ്തിരുന്നത്.<br>1. ബീച്ചിന് കൂടുതൽ വ്യാപ്തി<br>2. ബീച്ച് സർഫിംഗ് സാധ്യത<br>3. ബീച്ചിനോടടുത്ത് കൃത്രിമ പാരിൽ കൂടുതൽ മത്സ്യ സമ്പത്തിന്റെ വളർച്ച. |
| (സി) കൃത്രിമ പാര് നിർമ്മാണത്തിനായി എത്ര ജിയോടെക്സ് മാറ്റുകളാണ് ഉപയോഗിച്ചിട്ടുള്ളതെന്നും ഇതിൽ എത്ര എണ്ണം കരയ്ക്കടിഞ്ഞുവെന്നും വെളിപ്പെടുത്താമോ ; | (സി) 28 ജിയോടെക്സ് ബാഗുകളാണ് ഇതിനായി ഉപയോഗിച്ചിരിക്കുന്നത്. ഇതിൽ ഒരെണ്ണം കരയ്ക്കടിഞ്ഞതായി സ്ഥിരീകരിയ്ക്കുകയും അത് നിർമ്മിച്ച കമ്പനി തന്നെ മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. അടുത്തിടെ ബാഗിന്റെ ഒരു ഭാഗം വീണ്ടും കരയ്ക്കടിഞ്ഞതായി റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ ഇത് ആദ്യം പൊട്ടിയ ബാഗിന്റെ അവശിഷ്ടങ്ങളാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതി ഫലപ്രദമാകാത്തതിൽ സർക്കാരിന് എത്ര കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും, പ്രസ്തുത തുക മേൽപ്പറഞ്ഞ വിദേശകമ്പനിയിൽ നിന്നും വസൂലാക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ ? | (ഡി) | ഈ പദ്ധതി ഫലപ്രദമായിട്ടില്ലെന്ന് സർക്കാർ കരുതുന്നില്ല. ലോകത്തിന്റെ മറ്റു പല സ്ഥലങ്ങളിലും വളരെ ഫലപ്രദമായി തീര സംരക്ഷണത്തിനായി ഉപയോഗിക്കുന്ന കൃത്രിമ പാര് കേരളത്തിൽ കോവളത്ത് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുകയായിരുന്നു. ടൂറിസം സാധ്യതയുള്ള ബീച്ചുകൾ സാധാരണ കടൽഭിത്തികൾ നിർമ്മിക്കുന്നതുമൂലം ഇല്ലാതാകുന്നത് തടയുന്നതിനുള്ള ഒരു സാധ്യതയാണ് സർക്കാർ ഈ പദ്ധതി ഏറ്റെടുത്തതിലൂടെ ഉദ്ദേശിച്ചത്. ഇതിന്റെ പൂർണ്ണ ഫലം മനസ്സിലാക്കുന്നതിന് ഇനിയും കൂടുതൽ സമയം ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ